# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.517** **29.01.2019-ൽ മറുപടിയ്ക്ക്**

## കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

| ചോദ്യം<br>ശ്രീ.പി.സി.ജോർജ് | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോട്ടയം ജില്ലയിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക് സ്ഥാപിക്കും എന്ന മുൻ ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ ആണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) സർക്കാർ നിർദ്ദേശമനുസരിച്ച് പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ പാറത്തോട് പഞ്ചായത്തിൽ ചിറ്റടി പ്രദേശത്ത് മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ജില്ലാ ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലം പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പാർക്കിന് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ ചിറ്റടി പ്രദേശത്ത് തോട്ടം മേഖലയിൽ സ്ഥലം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സ്ഥലം എം.എൽ.എ. നല്കിയ കത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ? | (ബി) ജില്ലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ പാറത്തോട് പഞ്ചായത്തിൽ സ്ഥലം ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ബഹു.സ്ഥലം എം.എൽ.എ. നല്കിയ കത്തിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും സ്ഥലത്തിന്റെ പ്രാഥമിക പരിശോധന നടത്തുകയും വ്യവസായത്തിന് അനുയോജ്യമാണെന്ന് വിലയിരുത്തുകയും ചെയ്തു. മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് എന്ന കമ്പനിയുടെ ഉടമസ്ഥതയിൽ ഉള്ള ടി സ്ഥലത്ത് നിന്നും ഒരു ആറിന് 4,94,000/- രൂപ നിരക്കിൽ 100 ഏക്കർ സ്ഥലം വിട്ടു നല്കുവാൻ സന്നദ്ധമാണെന്ന് കമ്പനി അറിയിച്ചതിനെ തുടർന്ന് 26/6/2018-ൽ ജില്ലാ ഇൻഡസ്ട്രിയൽ സൈറ്റ് സെലക്ഷൻ കമ്മിറ്റി ടി സ്ഥലം സന്ദർശിക്കുകയും ഭൗതിക സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും |

പ്രാഥമികമായി പരിശോധിക്കുകയും ചെയ്തു. വിട്ടു നല്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വ്യക്തമായ സ്കെച്ച് നല്കുവാൻ കമ്പനി അധികൃതരോടും സ്ഥലം ഏറ്റെടുക്കുന്നതിലും വ്യവസായ മേഖലയായി പ്രഖ്യാപിക്കുന്നതിലും എന്തെങ്കിലും തടസ്സമുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യുവാൻ കാഞ്ഞിരപ്പള്ളി തഹസീൽദാരോടും കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. മെ.ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് വക ഭൂമി അടിസ്ഥാന ഭൂനികുതി രജിസ്റ്ററിൽ "തോട്ടം" എന്നു രേഖപ്പെടുത്തിയിട്ടുള്ളതാണ്. കെഎൽ.ആർ ആക്ട് അനുസരിച്ച് തോട്ടം എന്ന് നിർണ്ണയിക്കപ്പെട്ട് ഇളവു വാങ്ങിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനോ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാനോ കഴിയുന്നതല്ല എന്ന് അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**